# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :92

30.01.2018-ൽ
മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

*ചോദ്യം*

ശ്രീ.കെ. ആൻസലൻ
ശ്രീ.എ.എം. ആരിഫ്
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. എം.രാജഗോപാലൻ

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനിയന്ത്രിതമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ച യു.ഡി.എഫ്. നയത്തിന്റെ ഫലമായി, ഈ രംഗത്ത് നിലവാരത്തകർച്ചയുണ്ടായതായും തത്ഫലമായി പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ വൈദഗ്ദ്ധ്യ വികസനത്തെ ദോഷകരമായി ബാധിച്ചതായുമുള്ള ആക്ഷേപങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഈ മേഖലയിൽ ഏത് തരത്തിലുള്ള ഇടപെടലുകൾ നടത്താനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ; | (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും, സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ഒരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക തുടങ്ങിയവയ്ക്കും ഊന്നൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അനുവദിച്ച സീറ്റുകളിൽ നാലിലൊന്നിൽപോലും വിദ്യാർത്ഥികൾ പ്രവേശനം നേടാത്ത മുപ്പതോളം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്തുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിദ്യാർത്ഥി താല്പര്യം മുൻനിർത്തി നിലവാരമില്ലാത്ത ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കാൻ സാധ്യമാണോ; | (ബി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ടു കൂടി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണ അതോറിറ്റിയായ എ.ഐ.സി.റ്റി.ഇ. എഞ്ചിനീയറിംഗ് പഠനത്തിന് മിനിമം ഫീസ് നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഫീസ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഇടപെടലിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | എ.ഐ.സി.റ്റി യിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എഞ്ചിനീയറിംഗ് പഠനത്തിന് ഫീസ് നിശ്ചയിക്കുന്നത് സർക്കാരാണ്. ഓരോ വർഷവും, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഫീസ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി കരാറിൽ ഏർപ്പെടുകയാണ് പതിവ്. |

Salesh

സെക്ഷൻ ഓഫീസർ